## മലപ്പുറം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ സമർപ്പിച്ച പരാതി

161 (3802) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം യൂണിറ്റിൽ ശ്രീ. മുഹമ്മദാലി പാതിരമണ്ണ സമർപ്പിച്ച നമ്പർ 1323/2018/എം.പി.എം. പെറ്റീഷനുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ്സിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിലെ മേലാറ്റൂർ ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് ലേലം ചെയ്തതിലെ അഴിമതി സംബന്ധിച്ച് ശ്രീ. മുഹമ്മദാലി പാതിരമണ്ണ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം യൂണിറ്റ് എസ്.സി. 13/19/എം.പി.എം. നമ്പരായി ഒരു മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത മിന്നൽ പരിശോധനയുടെ റിപ്പോർട്ടിന്മേൽ ഉചിത തലങ്ങളിൽ സൂക്ഷ്മ പരിശോധന നടന്നുവരുന്നു.

## പോക്സോ കോടതികളുടെ പ്രവർത്തനം

162 (3803) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുമ്പോഴും സംസ്ഥാനത്ത് പോക്സോ കോടതികളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോക്സോ കേസ്സുകൾ ഒരു വർഷം കൊണ്ട് തീർപ്പുകൽപ്പിക്കണമെന്ന നിയമം നിലനിൽക്കുമ്പോഴും കോടതികളിൽ തീർപ്പു കൽപ്പിക്കാതെ കേസ് ഫയലുകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പോക്സോ കേസ്സുകളുടെ എണ്ണവും തീർപ്പു കൽപ്പിച്ചതിന്റെ എണ്ണവും തമ്മിലുള്ള അനുപാതവും ശതമാനവും വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് കൂടുതൽ പോക്സോ കോടതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly